(എഫ്) ഉണ്ട്.

(ജി) ഹർജികൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാമെന്നതാണ് കോടതി ഉത്തരവ്.

കഴിഞ്ഞ മൂന്ന് വർഷത്തെ റവന്യൂ വരുമാനം

12 (2725) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്ര വീതമെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓരോന്നിലും എന്തു തുക പിരിഞ്ഞുകിട്ടി ;

(സി) എല്ലാം ലഭിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) ബാക്കി തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) *നികുതി വരുമാനം*	*1996-97*	*1997-98*	*1998-99*
		കോടിയിൽ	
1. വില്പന നികുതി	2700.00	3341.00	3510.10
2. ഭൂനികുതി	34.50	27.55	34.50
3. മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും	455.00	390.10	333.38
4. സംസ്ഥാന എക്സൈസ്	372.05	558.55	550.74
5. വാഹന നികുതി	240.70	363.00	350.30
6. മറ്റുള്ളവ	146.60	141.08	169.00
(ബി) നികുതിയിതര വരുമാനം			
1. വനം	150.00	130.00	135.00
2. ലോട്ടറി	140.01	155.27	160.00
3. മറ്റുള്ളവ	261.36	297.88	329.81
ആകെ (എ+ ബി)	4500.62	5404.43	5572.83

LIBRARY ARCHIVES Kerala Legislative Assembly

(എ) നികുതി വരുമാനം	1996-97	1997-98	1998-99
		കോടിയിൽ	
1. വില്പന നികുതി	2772.28	3084.09	3366.62
2. ഭൂനികുതി	22.33	23.75	32.73
3. മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും	360.30	331.36	301.15
4. സംസ്ഥാന എക്സൈസ്	418.53	543.41	529.62
5. വാഹന നികുതി	247.59	301.63	323.31
6. മറ്റുള്ളവ	77.47	216.81	96.13
(ബി) നികുതിയിതര വരുമാനം			
1. വനം	162.00	144.91	121.03
2. ലോട്ടറി	106.63	105.51	112.31
3. മറ്റുള്ളവ	245.17	301.69	324.32
ആകെ (എ+ ബി)	4412.30	5053.16	5207.22

(സി) രാജ്യത്തൊട്ടാകെ 1996-97 മുതൽ അനുഭവപ്പെടുന്ന പൊതുവായ സാമ്പത്തിക മാന്ദ്യവും കാർഷിക, നാണ്യവിളയുടെ വിലയിടിവും ഭൂമി ക്രയവിക്രയത്തിലുണ്ടായ കുറവും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. മരം മുറിക്കുന്നതിന് സുപ്രീം കോടതി ഏർപ്പെടുത്തിയ നിയന്ത്രണം നികുതിയിതര വരുമാനത്തിലും കുറവുണ്ടായി.

(ഡി) വില്പന നികുതി, കാർഷികാദായ നികുതി, ഭൂനികുതി തുടങ്ങിയ ഇനങ്ങളിലെ തീർപ്പാക്കാത്ത കേസുകൾ മൂലം സർക്കാരിന് കുടിശ്ശികയായിട്ടുള്ള നികുതി, അവ പെട്ടെന്ന് തീർപ്പാക്കി പിരിച്ചെടുക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ ചേരുന്ന സർക്കാർ ജീവനക്കാരുടെ അപേക്ഷകൾ

13 (2726) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ ചേരുന്ന സർക്കാർ ജീവനക്കാരുടെ അപേക്ഷകൾ ഗ്രൂപ്പ് ഇൻഷ്വറൻസ് ഡയറക്ടറേറ്റിൽ കെട്ടികിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജി.ഐ.എസ്സ്.ൽ ചേരുന്നതിനുള്ള അപേക്ഷകളിന്മേൽ ഏത് വർഷം മുതൽക്കുള്ളതിൽ പാസ്സ് ബുക്ക് അനുവദിക്കുവാനുണ്ട് എന്നറിയിക്കാമോ ; ഇത്രയും കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly